**ചെറുകഥ**

# <u>നൂറും പാലും</u>

**(കണക്കൂർ ആർ. സുരേഷ്കുമാർ)**

വരണ്ട ഒരു പകലറുതിയിലാണ് ജാലകത്തിന്റെ പടിയിൽ സുചിത്ര പാമ്പിനെ കണ്ടത്. സാമാന്യം വലിയ ഒരെണ്ണം! അവൾ ശരിക്കും നടുങ്ങി. പിന്നെ ഒരലർച്ചയോടെ അടുത്ത മുറിയിലേക്ക് ഓടിക്കയറി കതകടച്ചു. കുറച്ചുനേരം കട്ടിലിലിരുന്ന് കിതപ്പ് മാറ്റി.

കമ്പനി വക കാർട്ടേഴ്സുകളിൽ പലയിടത്തുനിന്നും പാമ്പുകളെ കണ്ട വാർത്തകൾ വരാറുണ്ട്. മിക്കവാറും താഴത്തെ നിലകളിൽ ഉള്ള വീടുകളിൽ നിന്നും. അപ്പോഴൊക്കെ അവൾ ഗോപീകൃഷ്ണനുമായി കലഹിച്ചത് താഴത്തെ നിലയിൽ വീട് എടുത്തതിനെ ചൊല്ലിയാണ്.

''എത്ര കാലായ് പറയണ് വീട് മാറണംന്ന്... ആ ചെറിയ ഗണപതികോവിലിന്റെ അടുക്കലുള്ള ഫസ്റ്റ്ഫ്ളോറിലെ വീടൊഴിഞ്ഞതല്ലേ? അപ്പം കേട്ടില്ല. സ്ക്കൂളിന്റെ അടുക്കലൊന്ന് ഒഴിഞ്ഞപ്പഴും കേട്ടില്ല. അല്ലേത്തന്നെ ഇതൊക്കെ കേക്കണ ഭർത്താക്കമ്മാര് ഒണ്ടാവാൻ ഭാഗ്യം വേണം.... ഒരോരുത്തര് അവരുടെ കൈവെള്ളേലാണ് ഭാര്യമാരേ കൊണ്ടുനടക്കണത്... '' അതങ്ങനെ ഇടമുറിയാതെ ഒഴുകിവന്നുകൊണ്ടിരിക്കും.

താഴത്തെ വീടാകുമ്പോൾ ഇരുവശങ്ങളിലായി ഇത്തിരി മണ്ണ് കിട്ടിയിരുന്നു. അരമതിൽ കെട്ടിത്തിരിച്ച ഇത്തിരിയിടം. അവിടെ വാഴയും കപ്പയുമൊക്കെ നട്ടുവളർത്തി, അപ്പനപ്പുപ്പന്മാരിലൂടെ ജീനുകൾ വഴി കൈമാറിക്കിട്ടിയിട്ടുണ്ട് എന്ന് ഗോപീകൃഷ്ണൻ വിചാരിക്കുന്ന കാർഷിക സംസ്ക്കാരത്തിന്റെ ഓർമ്മക്കൂട് ഒരുക്കണം. ഭാര്യയുടെ വിയോജിപ്പ് കണക്കിലെടുക്കാതെ ഗോപീകൃഷ്ണൻ താഴത്തെ നിലയിലുള്ള വീട്ടിൽ തുടർന്നത് അതിന് വേണ്ടിയായിരുന്നു .

''ഇപ്പം കീടനാശിനി കണക്കില്ലാതെ തളിച്ചാണ് ഈ പച്ചക്കറി മുഴുവൻ മാർക്കറ്റില് വരുന്നത്. വല്ലപ്പോഴും ശുദ്ധമായ പച്ചക്കറി കഴിക്കാല്ലോ ? '' അയാൾ ന്യായീകരിക്കും.

പക്ഷെ അടുത്ത കാട്ടിൽ നിന്ന് മതിലുചാടി എത്തുന്ന കുരങ്ങന്മാർ ഊഴംവച്ച് അയാളുടെ ചെറിയ തോട്ടത്തെ ആക്രമിച്ചു. വെണ്ടയുടെ പൂക്കൾ അവ നിഷ്കരുണം കടിച്ചുപറിച്ചു. കോവലിന്റെ കായ പിടിച്ച വള്ളികൾ വലിച്ച് പൊട്ടിച്ചു.

''ദേ... ആ പയറുമുഴോനും മൂക്കുമ്മുമ്പ് അവറ്റകള് തിന്നു....''

''ആ സപ്പോർട്ടേല് ഒരു കായ വന്നതാ... വെളഞ്ഞുകൂടീല്ല... അത് കടിച്ചോണ്ടുപോയി.. ദേ... ഇവിടെ തൂറീം വെച്ചു..'' സുചിത്ര പരാതിയുടെ ഭാണ്ഡങ്ങൾ അഴിക്കും. പക്ഷെ ഗോപീകൃഷ്ണൻ എന്നിട്ടും കോർട്ടേഴ്സ് മാറിയില്ല. അങ്ങനെയിരിക്കവെയാണ് ഇതാ പാമ്പ് ഇത്രയടുത്ത് എത്തിയിരിക്കുന്നത് ! അവൾ കിതച്ചുകൊണ്ടിരുന്നു. ചുവന്ന ബ്ളൗസിന്റെ കക്ഷങ്ങളിൽ വിയർപ്പ് കറുത്ത വൃത്തം വരച്ചു.

ഗോപീകൃഷ്ണനെ ഫോണിൽ വിളിക്കണം എങ്കിൽത്തന്നെ ഫോൺ മുൻമുറിയിലാണ്. ഭയം കാരണം അവൾ അങ്ങോട്ട് ചെല്ലുവാൻ മടിച്ചു. എതിർവശത്തെ വീട്ടിൽ ആരും താമസ്സം ഇല്ല. മുൻപ് അവിടെയുണ്ടായിരുന്നവർ സ്ഥലം മാറിപ്പോയി. അവിടെ, അരമതിലിന് ഇടയിൽ ഉണ്ടായിരുന്ന ഇത്തിരിമണ്ണിൽ പാഴ്ച്ചെടികൾ വളർന്നുതിങ്ങി അവളെ ഭയപ്പെടുത്തുന്നുണ്ടായിരുന്നു.

സുചിത്ര ആയാസപ്പെട്ട് ശ്വാസം കഴിച്ചുകൊണ്ട് എഴുനേറ്റു. മെല്ലെ വാതിൽ തുറന്ന് മുൻമുറിയിൽ എത്തി. അവൾ ഭീതിയോടെ ജാലകത്തിലേക്ക് നോട്ടം അയച്ചു. പക്ഷെ ആ പാമ്പ്

ജാലകപ്പടിയിൽ ഇല്ലായിരുന്നു. അവൾ മെല്ലെ മുന്നോട്ട് ചെന്ന് ചുറ്റുപാടുകളും  പരിശോധിച്ചു. ഇല്ല! അത് എവിടെയും ഇല്ല!

ആരോ കാളിങ്ബെല്ലടിച്ചു. സുചിത്ര ക്ളോക്കിൽ നോക്കി. ഗോപീകൃഷ്ണൻ എത്താറായില്ല. പിന്നെ ആര് എന്നോർത്താണ് അവൾ വാതിൽ തുറന്നത്. ഒരു അപരിചിതൻ. സുമുഖൻ.

''ഹലോ ''  അയാൾ പറഞ്ഞു.  അവളും ഹലൊ പറഞ്ഞു.

''എന്റെ പേര് അനന്തൻ.  ഞാൻ നിങ്ങടെ എതിർവശത്ത് പുതുതായി താമസ്സിക്കാൻ വന്നതാണ്.'' അവൾ എതിർവശത്തെ വാതിൽ തുറന്ന് കിടക്കുന്നത് കണ്ടു. വീണ്ടും അയാളുടെ മുഖത്ത് നോട്ടമെത്തിയപ്പോൾ അയാൾ വശ്യമായി ചിരിച്ചു.

''ഒരു ചൂല് കിട്ടിയിരുന്നെങ്കിൽ മുറിയൊക്കെ ഒന്ന് വൃത്തിയാക്കാമായിരുന്നു. ''

അവൾ ചുലെടുത്ത് കൊടുത്തപ്പോഴും അയാളുടെ മുഖത്ത് അതേ ചിരി.

'അനന്തൻ' പാമ്പിന്റെ പേരുതന്നെ. സുചിത്ര ഓർത്തു. അവൾ വാതിലടച്ച് കതകിലെ പീപ്പ് ഹോളിലൂടെ നോക്കി. അയാൾ മുൻകതവ് തുറന്നിട്ട് വീട് വൃത്തിയാക്കുന്നു. ഒരു കർച്ചീഫ് മുഖം മറച്ചുകെട്ടിയാണ് പൊടിയോട് പടപൊരുതിയിരുന്നത്.

സുചിത്ര നാട്ടിലേക്ക് വിളിച്ചു. അമ്മയാണ് ഫോണെടുത്തത്. വിശേഷമൊന്നുമില്ലേ എന്ന പതിവുചോദ്യം. ''ഞാൻ എന്നും കാവിൽ പ്രാർത്ഥിക്കുന്നുണ്ട് മോളെ... ഒക്കെ ശരിയാവും'' എന്ന പല്ലവിയും. എന്തുകൊണ്ട് എന്നറിയില്ല, അവൾ പാമ്പിനെ കണ്ട കാര്യം അമ്മയോട് പറയാതെ വിഴുങ്ങി. വൈകിട്ട് ഗോപീകൃഷ്ണൻ വന്നപ്പോഴും അവൾക്ക് അത് പറയുവാൻ തോന്നിയില്ല. പകരം അയൽക്കാരന്റെ വിശേഷങ്ങൾ നിരത്തി.

''ചേട്ടൻ വരുന്നേന് അല്പം മുൻപ് അയാൾ ചൂല് കൊണ്ടുത്തന്നപ്പോ  കുടിക്കാൻ വെള്ളം ചോദിച്ചു. ഞാൻ ചായ ഊറ്റുവാരുന്നു. ഒരു കപ്പ് പാൽച്ചായ കൊണ്ടുകൊടുത്തപ്പോ അയാക്ക്  വലിയ ആശ്വാസായി എന്ന് തോന്നുന്നു. ''

ഗോപീകൃഷ്ണൻ വെറുതെ ചിരിച്ചു.

''പ്രായം കണ്ടിട്ട് കല്യാണം കഴിഞ്ഞതാണ് എന്ന് തോന്നുന്നു. ചേട്ടൻ പോയി ഒന്ന് സംസാരിച്ചിട്ട് വാ... എല്ലാ വിവരവും അറിയാമല്ലൊ ? ചെല്ല്.. ''

''ഓ... അയാള് ഇന്ന് രാത്രി എഴഞ്ഞ് പൊയ്ക്കളയത്തില്ലല്ലൊ ? '' ഗോപീകൃഷ്ണൻ അവളെ അവഗണിച്ച് നേരെ കമ്പ്യൂട്ടർ ഓൺ ചെയ്യുവാൻ പോയി.

''ഇനി അതിന്റെ മുന്നിൽ തപസ്സിരിക്കാൻ പോവാ.... അല്ലേത്തന്നെ എന്റെ വാക്കിനൊന്നും ഇവിടെ ഒരു വെലേം ഇല്ല.. ഒരയൽക്കാര് വന്നാൽ ആരാന്നൊക്കെ അറിഞ്ഞിരിക്കണ്ടേ ? ''

ഇന്നിനി ഇതാവും തർക്കവിഷയം എന്നോർത്ത് മെല്ലെ ചിരിച്ചുകൊണ്ട് അയാൾ തന്റെ ഫേസ്ബുക്കിൽ  പുതിയതെന്തെങ്കിലും ഉണ്ടോ എന്ന് തിരയുവാൻ തുടങ്ങി. തൊട്ടയൽക്കാരനെ ഉപേക്ഷിച്ചിട്ട്, ലോകത്തിന്റെ പല മൂലകളിൽ നിന്നുള്ള ആളുകൾ സംവദിക്കുന്ന  സൈബർ ലോകത്തിന്റെ ആഴങ്ങളിലേക്ക് അയാൾ  നീന്തിപ്പോയി.

തുടർന്നെത്തിയ പ്രഭാതത്തിൽ ടിഫിൻ ബോക്സും പതിവുള്ള ചുംബനവും കൊടുത്ത് ഗോപീകൃഷ്ണനെ യാത്രയാക്കിയിട്ട് അവൾ തിരിയുകയായിരുന്നു. അപ്പോൾ എതിർവശത്തെ വാതിൽ തുറക്കുന്ന സ്വരം കേട്ടു. അവൾ ശ്വാസം അടക്കിപ്പിടിച്ചുകൊണ്ട് മെല്ലെ പീപ്പ് ഹോൾ വഴി നോക്കി.

നീല ജീൻസും കടും ചുവപ്പു നിറത്തിലെ ഉടുപ്പുമിട്ട് അനന്തൻ ഓഫീസിലേക്ക് ഇറങ്ങുന്നു. അയാൾക്ക് അത് നന്നായിച്ചേരുമെന്ന് അവൾ ചിന്തിച്ചു. അയാൾ ഒരു നിമിഷം തിരിഞ്ഞുനിന്ന് സുചിത്രയുടെ വീടിന്റെ കതകിലേക്ക് നോക്കി. അവൾ പൊടുന്നനെ പുറകോട്ട് മാറി. ചെറുസുഷിരം വഴി നോക്കിയത് അയാൾ കണ്ടുകാണും എന്ന് അവൾക്ക് വിചാരമുണ്ടായി.  വെറുതെ വിചാരിച്ചു. അവൾക്ക് ഒരു പിരിമുറുക്കം അനുഭവപ്പെട്ടു. ആ കതകിന്റെ അപ്പുറത്ത് ഇങ്ങോട്ട് ഉറ്റുനോക്കി അയാൾ അനങ്ങാതെ നിൽപ്പുണ്ടോ ?  അല്പനേരം ആ നിൽപ്പ് തുടർന്നതിന് ശേഷം അവൾ വീണ്ടും പുറത്തേക്ക്  നോക്കി. പിന്നെ കതവ് മെല്ലെ തുറന്നു. യൂണീഫോമിട്ട സ്ക്കൂൾക്കുട്ടികൾ മുകളിലത്തെ നിലകളിൽ നിന്നും  കോലാഹലത്തോടെ ഇറങ്ങി വരുന്നുണ്ടായിരുന്നു.

അവൾക്ക് തലേന്നുകണ്ട പാമ്പിന്റെ ഓർമ്മകൾ വന്നു. ജാലകപ്പടിയിലേക്ക് ഭയപ്പാടോടെ അവൾ  നോക്കി. അന്ന് പകൽമുഴുവൻ കൃത്യമായ ഇടവേളകളിട്ട് അവൾ ആ നോട്ടം ആവർത്തിച്ചു.

വൈകിട്ട് ഓഫീസിൽ നിന്നും എത്തിയ ഉടൻ ഗോപീകൃഷ്ണൻ ഭാര്യയെ പ്രേമപൂർവ്വം വിളിച്ച് അരികിലിരുത്തി.  ‘‘നിനക്ക് എന്താ അറിയേണ്ടത് ? ദാ ...അയാടെ പേര് അനന്തഭദ്രൻ. മുപ്പത്തൊന്നു വയസ്സ്. ജന്മം കൊണ്ട് മലയാളി എങ്കിലും വളർന്നത് ബംഗളൂരിൽ. അവിവാഹിതൻ. എം ബിയെ ബിരുദം. ഇവിടെ പുതുതായി ഡെപ്പ്യൂട്ടി മാനേജർ പോസ്റ്റിൽ ജോയ്ൻ ചെയ്തു. മതിയൊ ? ഇതിൽക്കൂടുതൽ വിവരങ്ങൾ ഇവിടെ വേറെ ആർക്കും അറിയില്ല. അയാളോട് നീ നേരിട്ട് ചോദിക്കേണ്ടി വരും. ’’

അവിവാഹിതൻ ആണ് എന്നു കേട്ടതിൽ അവൾക്ക് ആദ്യം നിരാശ  തോന്നി. ഫാമിലിയുണ്ടായിരുന്നെങ്കിൽ  ഒരു നേരമ്പോക്ക് ആയിരുന്നേനെ. പക്ഷെ അത് ഉറപ്പിച്ചുകൂട. ആ സ്ത്രീ ഒരു മുരട്ടുപാറുവോ പരദൂഷണ വിദഗ്ദ്ധയോ ആയിരുന്നെങ്കിൽ കഴിഞ്ഞില്ലേ ?

‘‘അയാക്ക് വിവാഹം കഴിക്കാനുള്ള പ്രായോക്കെ കഴിഞ്ഞല്ലോ... ? പിന്നെന്താ ഇങ്ങനെ ! ’’

‘‘ഇനിയൊക്കെ നേരിട്ട് ചോദിക്കണം എന്ന് ഞാൻ പറഞ്ഞതാണ്. ’’ അയാൾ അത് ഓർമ്മപ്പെടുത്തിയിട്ട് പതിവുപോലെ കമ്പ്യൂട്ടറിന്റെ മുന്നിലേക്ക് ചെന്ന് സൈബർ ലോകത്തിലേക്ക് ചേക്കേറി.

അടുത്ത ദിവസം ഓഫീസിലേക്ക് ഇറങ്ങിയ അനന്തൻ വയലറ്റു നിറമുള്ള കോട്ടൻ ഉടുപ്പും കറുത്ത ജീൻസുമായിരുന്നു അണിഞ്ഞിരുന്നത്. ആ വസ്ത്രം അയാൾക്ക്  ചേരുന്നില്ല എന്ന് സുചിത്രക്ക് തോന്നി. നടുവ് നിവർന്നാണ് അയാൾ നടക്കുന്നത്. തന്റെ ഭർത്താവിന് നടക്കുമ്പോൾ ചെറിയ കൂന് ഉണ്ട് എന്ന് പലപ്പോഴും തോന്നിയിട്ടുള്ള കാര്യം അവൾ ഒരിക്കൽക്കൂടി ഓർത്തു. എങ്കിലും, കോളനിയിലെ ഒട്ടുമിക്ക ആണുങ്ങൾക്കും അതുപോലെ കൂന് ഉള്ളതിനാൽ ഭർത്താവിന്റെ കൂന് ഒരു വിഷയമല്ല എന്നും അവൾ സമാധാനിച്ചു.

സ്ക്കൂൾക്കുട്ടികൾ പോയിക്കഴിഞ്ഞപ്പോൾ  ഗോപീകൃഷ്ണന്റെ തോട്ടത്തിനരികിൽ ഇലകൾ അനങ്ങുന്നത് കേട്ടു. പെട്ടന്നെത്തിയ ഭീതിയോടെ അവൾ അങ്ങോട്ട് നോട്ടം അയച്ചു. പാമ്പ് ?!

ഒരുകൂട്ടം പൂത്താങ്കീരികൾ ഇരതേടിയിറങ്ങിയതായിരുന്നു അത്.  അവ ഒന്നൊന്നായി ചാടിത്തുള്ളി റോഡ് മുറിച്ചുകടന്നുപോകുന്നത് അവൾ കൗതുകത്തോടെ നോക്കിനിന്നു.

ഉച്ചസമയത്ത് ഒരു വാഹനത്തിന്റെ സ്വരം കേട്ടപ്പോൾ അവൾ ജാലകത്തിലൂടെ ശ്രദ്ധിച്ചു. അനന്തനുള്ള അത്യാവശ്യം വീട്ടുസാമാനങ്ങൾ ഒരു ചെറിയ പിക്കപ്പ് വാനിൽ എത്തിച്ചിരിക്കുന്നു. ഒരു

ചെറിയ ദിവാൻ. അതിനുയോജിച്ച മെത്ത. രണ്ട് പ്ളാസ്റ്റിക്ക് കസേരകൾ. ഒരു എഴുത്തുമേശ.  ഒരാൾക്ക് അത് ധാരാളം മതി എന്ന് സുചിത്രക്ക് തോന്നി. പിന്നെ ഒന്നുരണ്ട് കാർട്ടൺ ബോക്സുകൾ ഉണ്ട്. അതിൽ എന്തായിരിക്കും ?  അവൾ ചിന്തിച്ചുനോക്കി.  വാഹനത്തിന്റെ ഡ്രൈവറുടെ സഹായത്തോടെ അയാൾ അവ അകത്ത് പെറുക്കിയിട്ടു. ഒരു സിനിമ കാണുന്നപോലെ അവൾ അതെല്ലാം മറവിൽ നിന്ന് നോക്കിക്കണ്ടു.

കാളിങ് ബെല്ലിന്റ ശബ്ദം കേട്ട് സുചിത്ര ഉണർവിലേക്ക് ഇറങ്ങി. അവൾ തിടുക്കത്തിൽ വാതിൽ തുറന്നു.

''കുറച്ച് അത്യാവശ്യം സാമാനങ്ങൾ വാങ്ങി. '' അയാൾ ചെറുചിരിയോടെ പറഞ്ഞു.

''ഞാൻ കണ്ടു..'' അത് പറഞ്ഞുകഴിഞ്ഞപ്പോഴാണ് അത് അബദ്ധമായി എന്നവൾക്ക് തൊന്നിയത്. താൻ എല്ലാം നോക്കിനിന്നിരുന്നു എന്ന് അയാൾ അറിഞ്ഞുവല്ലോ !

'' വണ്ടിക്കാരന് പണം കൊടുക്കാൻ പഴ്സിൽ ചില്ലറയില്ല. ചില്ലറ മാറിവരാം എന്ന് പറഞ്ഞാൽ അയാൾ സമ്മതിക്കണ്ടേ ? ''

സുചിത്ര വേഗം തന്റെ സമ്പത്തിടങ്ങൾ പരതി. വെറും നൂറ്റമ്പത് രൂപ മതി.  ഗോപീകൃഷ്ണൻ പതിവായി പണം വെക്കുന്ന സ്ഥലങ്ങളിലും പരതി. വെറും മുപ്പത് രൂപ! അവൾ ചെറുതായി വിയർത്തു.

''സാരമില്ല. ഞാൻ അയാളുടെ കൂടെ ഗയിറ്റുവരെ ചെന്ന് ചില്ലറ മാറിക്കൊടുക്കാം. ''

അയാൾ പോയപ്പോൾ അവൾക്ക് താൻ വല്ലാതെ ചെറുതായപോലെ തോന്നി. ഭാര്യയ്ക്കായി കരുതൽ ധനം വീട്ടിൽ സൂക്ഷിക്കാത്ത  ഗോപീകൃഷ്ണൻമാരോട് ശക്തമായി പ്രതിഷേധിക്കണം എന്നവൾ ഉറച്ചു.

കുറച്ചുകഴിഞ്ഞപ്പോൾ അനന്തഭദ്രൻ  തിരികെയെത്തി. സുചിത്ര കതവടയ്ക്കാതെ അവിടെ നിൽക്കുന്നുണ്ടായിരുന്നു.

''ചില്ലറ കിട്ടിയോ ? ''

''ഉവ്വ്...  എല്ലാം നൂറിന്റെ നോട്ടാരുന്നു. വണ്ടിക്കാരന് അമ്പതുരൂപ കൂടുതൽ കൊടുക്കേണ്ടിവന്നു.''  സ്ക്കൂൾവിട്ട് കുട്ടികൾ  കോലാഹലം കൂട്ടി തിരികെ വന്നുചേരുന്നതുവരെ അവർ അവിടെ സംസാരിച്ചുനിന്നു. വളരെ സൗമ്യമായി സംസാരിക്കുന്ന ആ പ്രകൃതം അവൾക്കിഷ്ടമായി. ആണുങ്ങൾ ഇങ്ങനെ സംസാരിക്കണം. അല്ലാതെ ചക്കു തിരിയുന്ന മാതിരി കടകടാന്ന് സംസാരിക്കരുത്...  അവൾ ഒരു പുഞ്ചിരിയോടെ ഓർത്തു.

അയൽക്കാരൻ അത്യാവശ്യത്തിന് ചോദിച്ചിട്ട് കൊടുക്കുവാൻ ചില്ലറ പോലും വീട്ടിൽ വെക്കാത്തത് പറഞ്ഞ് അവൾ അന്ന് വൈകിട്ട്  ഭർത്താവുമായി കലഹിക്കുവാൻ ഒരു ശ്രമം നടത്തി. പക്ഷെ ഗോപീകൃഷ്ണൻ അത് ചിരിച്ചുതള്ളി.

മറ്റൊരുദിവസം ഗോപീകൃഷ്ണനൊപ്പമാണ് അനന്തൻ  ഓഫീസിലേക്ക് ഇറങ്ങിയത്. ഒരു മാനേജർ ആയതിനാൽ ആയിരിക്കാം അനന്തൻ മനോഹരമായ ഡെനിം  ജീൻസും അതിന് ചേർന്ന് ഇൻസേർട്ട് ചെയ്ത വടിവൊത്ത ടൈറ്റ് ഷർട്ടും ധരിക്കുന്നത് എന്ന് അവൾ കണക്കുകൂട്ടി. ചുളുങ്ങിയ വസ്ത്രങ്ങൾ ധരിച്ച തന്റെ ഭർത്താവ്  അയാളുടെകൂടെ നടക്കുമ്പോൾ ചെറുതാകുന്നത് പോലെ.

അല്പം കഴിഞ്ഞില്ല.. ആരോ ബെല്ലടിച്ചു.

ചില ദിവസങ്ങളിൽ എന്തെങ്കിലും എടുക്കുവാൻ മറന്ന് ഗോപീകൃഷ്ണൻ ഇതുപോലെ തിരികെ വരാറുണ്ട്. കതക് തുറന്നതും അവൾ അതിശയിച്ചു. അനന്തൻ !

''എന്തേ.. പോയിട്ട് തിരികെ വന്നത് ? ''

''ദേ.. പോവുകയായി. ഇതാ... എന്റെ വീട്ടുതാക്കോലിന്റെ ഡ്യൂപ്ളിക്കേറ്റാണ്. ഇത് ഇവിടെ സൂക്ഷിച്ചോളു.. ഗോപീകൃഷ്ണനാണ് പറഞ്ഞത് ഇവിടെ കൊടുത്തുകൊള്ളാൻ..'' അയാൾ നൈറ്റ് ലാച്ചിന്റെ താക്കോൽ അവൾക്കുനേരെ നീട്ടി. അയാളുടെ റോസ് നിറമുള്ള നീണ്ട വിരലുകൾ അവൾ ശ്രദ്ധിക്കാതിരുന്നില്ല.

സുചിത്ര പുറത്തേ പകലിലേക്കിറങ്ങി. ഇളംകാറ്റ് ചെറുസുഗന്ധം പേറുന്നു. ചെമ്പകത്തിന്റെ താഴത്തെ ശിഖരത്തിൽ ഏതാനും പൂക്കൾ വിരിഞ്ഞുനിൽക്കുന്നു.

സുചിത്രയുടെ മനസ്സിൽ കൊതിയുണർന്നു. എങ്കിലും കരിയിലകളിലൂടെ നടന്നുചെല്ലുവാൻ ഭയം. തിരികെ മുറിയിലെത്തി കുളിക്കുവാൻ ഒരുക്കം തുടങ്ങി. മുടിയിൽ നീലിഭൃംഗാദി എണ്ണ തേച്ചുപിടിപ്പിച്ചിട്ട് മാറിയുടുക്കുവാനുള്ള വസ്ത്രങ്ങൾ അൽമാരയിൽ നിന്ന് തിരഞ്ഞെടുത്തു. കുളിമുറിയിൽ നിന്ന് വിവസ്ത്രയായ അവൾ തന്റെ ദേഹഭംഗി ആസ്വദിച്ച് നിൽക്കവെ ഒരു ശബ്ദം കേട്ടുണർന്നു. ജാലകത്തിലെ വിടവിലൂടെ തല നീട്ടിനിൽക്കുന്നു ആ പാമ്പ് ! അവൾ മരവിച്ചുനിന്നു. ആ മരവിപ്പിലൂടെ ഇഴഞ്ഞ് ആ ജന്തു താഴേക്കുതിർന്നു. അതിന്റെ നാവ് അവളോട് എന്തോ ഉറക്കെപ്പറയും പോലെ ചലിച്ചുകൊണ്ടിരുന്നു.

സുചിത്ര നിലവിളിച്ചില്ല. അവൾ വെണ്ണക്കല്ലിൽ തിർത്ത ഒരതിമനോഹര നഗ്നശില്പം പോലെ കുളിമുറിയുടെ കോണിൽ അനക്കമില്ലാതെ നിലകൊണ്ടു. അത് എങ്ങോട്ട് ഇഴഞ്ഞുപോയി എന്നവൾ കണ്ടില്ല. അത് അവിടെ ഇല്ല എന്ന നേരിയ ബോധത്തിൽ അവൾ ഒരുവിധം കുളിച്ചു എന്ന് വരുത്തി.

അല്പം കഴിഞ്ഞപ്പോൾ അവൾ വസ്ത്രം ധരിച്ച് പുറത്തിറങ്ങി. ഒരു മണിക്കൂറോളം അവൾ അതിനെ ചുറ്റുവട്ടത്ത് തിരഞ്ഞു. അത് എവിടെ പോയി ?! അവൾക്ക് അതിശയം തോന്നി. കാവിൽ നിരന്ന് നിലകൊള്ളുന്ന നാഗവിഗ്രഹങ്ങളുടെ ചിത്രം അവളുടെ മനോമുകുരത്തിൽ തെളിഞ്ഞു.

ഏറെനേരത്തെ ആലോചനയുടെ ശേഷം ഗോപീകൃഷ്ണനോട് അതിനെ കുറിച്ച് പറയണ്ട എന്ന് അവൾ ഉറച്ചു. വൈകിട്ട് ഭർത്താവ് എത്തിയപ്പോഴും ചില കാര്യങ്ങൾ അയാളോട് പറയാതിരിക്കുവാൻ ഓരോ ന്യായങ്ങൾ അവൾ മനസ്സിൽ തേടുകയായിരുന്നു.

തുടർന്നുള്ള ചില ദിനങ്ങൾ അവൾ വീടുമുഴുവൻ തിരഞ്ഞ് പാമ്പ് കടന്നുവരുവാൻ ഇടയുള്ള വഴികൾ കണ്ടുപിടിച്ചു. തന്റെ മരവിച്ചുപോകുന്ന ദേഹവുമായി അതിനെ എങ്ങിനെ നേരിടണം എന്നവൾ ആലോചിച്ചു. പിന്നെയും ചില പകലുകളിൽ പാമ്പ് ഇഴഞ്ഞു. അതിന്റെ ശല്കശബളമായ ദേഹം അവളെ വരിഞ്ഞുമുറുക്കുകയും പിന്നെ ഔദാര്യപൂർവ്വം മോചിപ്പിച്ചിട്ട് ഇഴഞ്ഞകലുകയും ചെയ്തു. കാവിൽ നൂറും പാലും നേദിക്കുന്ന അമ്മയുടെ മുഖം അവൾക്ക് ഓർമ്മ വന്നു. അനന്തമായി നീളുന്ന ചുരൽവള്ളി പിണഞ്ഞുകിടക്കുന്ന വലിയ മരങ്ങൾക്ക് താഴെ കരയിലകൾ വീണുകിടക്കുന്ന കൽക്കെട്ടുകളുടെ മുന്നിൽ കൈകൂപ്പി തൊഴുതുനിൽക്കുന്ന അമ്മ. മഞ്ഞപ്പൊടിയും ധാന്യപ്പൊടിയും പാലും കൗങ്ങിൻ പൂക്കുലയുമൊക്കെ ചിതറിക്കിടക്കുന്ന കൽക്കെട്ടുകളുടെ വിള്ളലുകളിൽ നിന്നും ഇറങ്ങിവരുന്ന ഫണീന്ദ്രനെ സുചിത്രയുടെ കണ്ണുകൾ തേടുമ്പോൾ അമ്മ പിന്നിലേക്ക് വലിക്കും.

''വാ പെണ്ണേ ...ഇവിടെ അധികം നിക്കണ്ട..''

''നാഗം വന്ന് പാലുകുടിക്കുവോ ? ''

അമ്മ തലയിളക്കി. അതിന്റെ അർത്ഥം ഉവ്വ് എന്നോ ഇല്ല എന്നോ ? അവൾക്ക് മനസ്സിലായില്ല. അമ്മ തുടർന്നു– ''ആ അനുഗ്രഹം ഇല്ലെങ്കി നമ്മുടെ തറവാട് അന്യം നിന്നുപോകും''

ഓർമ്മകളിൽ കുരുങ്ങി സുചിത്രയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ഒരു തണുത്ത രാത്രി. ഗോപീകൃഷ്ണൻ കമ്പ്യൂട്ടർ അണച്ചിട്ട് നീണ്ട ഒരു ചാറ്റിങ്ങിന്റെ ഹാങ്ങോവറുമായി അവളുടെ അടുത്തുവന്ന് കിടന്നു. അവൾ ഉറങ്ങിയിരുന്നില്ല.

''ഇന്ന് നെനക്ക് ടീവിയൊന്നും കാണണ്ടാരുന്നോ ? '' അയാൾ ചോദിച്ചു.

അവൾ ഉറക്കം നടിച്ച് തിരിഞ്ഞുകിടന്നു. അയാൾ അവളുടെ ചൂടുപറ്റുവാൻ ചേർന്നുകിടന്നുകൊണ്ട് തന്റെ കാലുകൾ അവളുടെ ഒതുക്കമുള്ള തുടകളിലേക്ക് ഉയർത്തിവച്ചു. അടുത്തുതന്നെ ഗവണമെന്റ് പ്രഖ്യാപനം നടത്തുവാനിടയുള്ള ക്ഷാമബത്തയെ കുറിച്ച് ചിന്തിച്ച് കുറച്ചുനേരത്തിനുള്ളിൽ അയാൾ ഉറങ്ങിപ്പോയി. അയാളുടെ കാലുകൾ അവൾ എടുത്തുമാറ്റി, മെല്ലെ എഴുനേറ്റ് ആ മുറിയിൽ നിന്ന് ഇറങ്ങി.

തണുത്തുറച്ചുകിടന്ന മുൻമുറിയിലെ ഇരുട്ടിൽ സുചിത്ര പരതി. അവൾ തന്റെ നിശാവസ്ത്രം പൊഴിച്ചിട്ടു. അത്രനേരം കാത്തുമുഷിഞ്ഞ് എവിടെയെല്ലാമൊ ചുറ്റിയിഴഞ്ഞ് നടക്കുകയായിരുന്ന പാമ്പ് ആ മുറിയിൽ ഉണ്ടെന്ന് അവൾക്ക് തോന്നി. കണ്ണുകളിൽ ആവേശത്തിന്റെ തിളക്കവുമായി അത് മെല്ലെ തന്നിലേക്ക് ഇഴഞ്ഞുവന്ന് തന്റെ നഗ്നത മുഴുവൻ ഒപ്പിയെടുക്കുമെന്ന വിചാരം അവളിൽ നിറഞ്ഞു. ഒരു സീൽക്കാരത്തിന്റെ പ്രകമ്പനത്തിൽ അവൾക്ക് മോഹാലസ്യമുണ്ടായി. ഞെട്ടിയുണർന്നെത്തിയ ഗോപീകൃഷ്ണൻ അവളെ ബദ്ധപ്പെട്ട് വസ്ത്രം ധരിപ്പിച്ചിട്ട് ഒരു വാഹനം വിളിച്ചുവരുത്തി.

ഒരു രാത്രിയുടെ ഉറക്കം മുഴുവൻ ബലി കൊടുത്ത് ഗോപീകൃഷ്ണൻ ആശുപത്രിക്കിടക്കയിൽ അവൾക്കരികിൽ മവറുതെ പരിഭ്രമിച്ച് ഇരുന്നു. ഡോക്ടർ അയാളെ അഭിനന്ദിച്ചു. സുചിത്രയുടെ അമ്മ വാർത്തയറിഞ്ഞ് ആഹ്ളാദിച്ചു. അടുത്ത പകൽ അവർ നാട്ടിലിരുന്ന് ഇഷ്ടദൈവങ്ങൾക്ക് നന്ദി പറഞ്ഞു.

ചില ദിവസങ്ങൾക്ക് ശേഷം ഒരുച്ചയൊടെ ഗോപീകൃഷ്ണൻ അവളെ ഫോണിൽ വിളിച്ചത് ഒരു സന്തോഷവാർത്ത പറയുവാനായിരുന്നു. ''ഗണപതികോവിലിന്റെ തൊട്ടടുത്ത് ഒരു ഫസ്റ്റ് ഫ്ളോർ വീട് ഒഴിഞ്ഞത് നമുക്ക് അലോട്ടായിട്ടുണ്ട്. സന്തോഷായില്ലേ നെനക്ക് ?'' അയാൾ ഫോണിലൂടെ ചോദിക്കുന്നു.

മറുപടി പറയാതെ അവൾ ഫോൺ തിരികെയിട്ടു. പിന്നെ വെളിയിലിറങ്ങി പൊന്തകൾക്ക് സമീപമെത്തി. അവിടെ നിരന്നുനിന്ന മണിനാഗങ്ങൾക്കായി നൂറും പാലും നേദിച്ചു.

-------------------------------------------A short story by Kanakkoor R. Sureshkumar